**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1080** **06-02-2023 - ൽ മറുപടിയ്ക്ക്**

**പെരിയാർ വാലിയുടെ സ്ഥലത്ത് പൊതു കളിസ്ഥലം നിർമ്മിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിൽ വർഷങ്ങളായി ഉപയോഗിക്കാതെ കിടക്കുന്ന പെരിയാർ വാലിയുടെ സ്ഥലത്ത് ഒരു പൊതു കളിസ്ഥലം നിർമ്മിക്കുവാനായി സ്ഥലം വിട്ട് നൽകണമെന്നുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഐ.ആർ.1/112/2021/ ഡബ്ല്യ.ആർ.ഡി. എന്ന ഫയലിൽ പ്രോജക്ട്-2 ചീഫ് എഞ്ചിനീയർ ഇറിഗേഷൻ വകുപ്പിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ട് എത്ര നാൾ ആയെന്ന് വ്യക്തമാക്കാമോ; | (ബി) | ഇതിന്മേൽ പ്രോജക്ട്-2 ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (സി) | പ്രസ്തുത ഫയലിൽ റിപ്പോർട്ട് ആവശ്യപ്പെട്ട് ആറ് മാസത്തോളമായിട്ടും റിപ്പോർട്ട് ലഭ്യമാക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (സി) | ഇതിന്മേൽ പ്രോജക്ട്-2 ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ഡി) | പ്രസ്തുത റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; | (ഡി) | ഇതിന്മേൽ പ്രോജക്ട്-2 ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ഇ) | മേൽ പ്രദേശത്ത് ഒരു പൊതു കളിസ്ഥലം ഇല്ല എന്നുള്ളതും വർഷങ്ങളായി ഉപയോഗിക്കാതെ കിടക്കുന്ന പ്രസ്തുത സ്ഥലം പ്രദേശവാസികൾ കളിക്കാൻ ഉപയോഗിക്കുന്നതും പരിഗണിച്ച് ഇവിടെ ഒരു പൊതു കളിസ്ഥലം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | ഇതിന്മേൽ പ്രോജക്ട്-2 ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ